ദാരിദ്ര്യരേഖക്ക് താഴെ ജീവിക്കുന്നവർ

* 360. [386] ശ്രീ. സി. ടി. കൃഷ്ണൻ :
,, ജി. വരദൻ :
,, കോടിയേരി ബാലകൃഷ്ണൻ :
,, പി. വി. കുഞ്ഞിക്കണ്ണൻ :
,, പി. സി. തോമസ് (കടുത്തുരുത്തി) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ദാരിദ്ര്യരേഖക്ക് താഴെ ജീവിക്കുന്ന ജനങ്ങളുടെ എണ്ണം എത്ര ;

(ബി) ദാരിദ്ര്യരേഖക്ക് താഴെ ജീവിക്കുന്നവരുടെ ജീവിതനിലവാരം മെച്ചപ്പെടുത്താൻ എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത് ?

ഗ്രാമവികസന വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) :

(എ) കേരളത്തിൽ ദാരിദ്ര്യരേഖക്ക് താഴെ ജീവിക്കുന്ന ഗ്രാമീണ ജനങ്ങൾ 80,35,276 ആണ് എന്നാണ് ഗ്രാമവികസന വകുപ്പ് കണക്കാക്കിയിരിക്കുന്നത്.

(ബി) ദാരിദ്ര്യരേഖക്ക് താഴെ ജീവിക്കുന്ന കുടുംബങ്ങൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ നടപ്പിലാക്കുന്നതിന് സാമ്പത്തിക സഹായം നൽകുന്ന ഐ.ആർ.ഡി.പി. ഗ്രാമങ്ങളിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനുപകരിക്കുന്ന എൻ.ആർ.ഇ.പി., ആർ.എൽ.ഇ.ജി.പി. തുടങ്ങിയ പദ്ധതികളിലൂടെ ഈ വിഭാഗത്തിൽപ്പെട്ട ജനങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുവാൻ ഗവൺമെൻറ് ഊർജ്ജിത നടപടികൾ കൈക്കൊള്ളുന്നുണ്ട്.

ബിവറേജസ് കോർപ്പറേഷൻ മദ്യം വാങ്ങുന്ന കമ്പനികൾ

* 361. [388] ഡോക്ടർ എ. സുബ്ബറാവു :
ശ്രീ. കെ. വി. സുരേന്ദ്രനാഥ് :
,, എം. കെ. കേശവൻ :
,, കെ. ടി. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ ഇപ്പോൾ ഏതെല്ലാം കമ്പനികൾ ഉൽപ്പാദിപ്പിക്കുന്ന വിദേശ മദ്യങ്ങളാണ് വാങ്ങുന്നത് ;

(ബി) വിദേശമദ്യം നൽകിക്കൊണ്ടിരുന്ന ഏതെങ്കിലും കമ്പനികളെ ഈ വർഷം ഒഴിവാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തുകൊണ്ട് ?

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ) :

(എ) കമ്പനികളുടെ പേര് അനുബന്ധമായി ചേർത്തിട്ടുണ്ട് †

† അനുബന്ധം 1

LIBRARY ARCHIVES Kerala Legislative Assembly